ഒത്തുകളി

(ദേശീയ കലാരൂപങ്ങൾ)



കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്
ശാസ്ത്രകലാജാഥ 1984

Malayalam

OTHUKALI

Deseeya Kalarupangal

Kerala Sastra Sahitya Parishat

First Published 1984

Social Scientist Press, Trivandrum-14

Price : one rupee

kssp skj 1/84 D 1/8 1/10000

ഒത്തുകളി

സംഘം: (പണിചെയ്യുന്നു)
തെയ്യാരം തെയ്യാരം തക തെയ്യാരം താരോ........
തെയ്യാരം തെയ്യാരം തക തെയ്യാരം താരോ........
(രണ്ടുദ്യോഗസ്ഥൻമാർ കടന്നുവരുന്നു.)

ഒരാൾ: നീങ്ങിയിരിയെടാ, വഴിയിലാണോ ഇരിക്കുന്നത്?
(അപരൻ ഫയൽ തുറന്ന് പേരുവിളിക്കുന്നു)

അപരൻ: (1) മേലെ വെളിഞ്ഞാററിൽ കണ്ടൻമകൻ കോരൻ ആരടൊ?
(ഒരാൾ നീങ്ങിനിൽക്കുന്നു)

(2) പടിഞ്ഞാറേ തുരുത്തിൽ കറമ്പൻ മകൻ വെളുമ്പൻ

(മറെറാരാൾ എഴുന്നേൽക്കുന്നു.)

(3) താഴേ കണ്ടത്തിൽ വെള്ളൻ മകൻ ചാത്തൻ
(മൂന്നാമൻ എഴുന്നേൽക്കുന്നു.)

മൂപ്പൻ: (എഴുന്നേററ്)
തമ്പ്രാനേ, പുള്ളരേയെന്തിനാണോ വിളിച്ചുനിർത്തിയിരിക്കുന്നത് തർക്കാരീന്ന് വല്ല തഹായോം കൊടുക്കാനാണോ!

ഉദ്യോഗസ്ഥൻ: ഒണ്ടെടാ ഉണ്ട്. നീയൊക്കെ സർക്കാരീന്നു കാശും വാങ്ങി മിണ്ടാതിരിക്കുകയല്ലേ?

മൂപ്പൻ: അടിയങ്ങൾക്ക് എവിടുന്നും കാശൊന്നും കിട്ടിയിട്ടില്ലേ.

ഉദ്യോ: (2) വീടുവയ്ക്കാനാന്നും പറഞ്ഞ് സർക്കാരീന്ന് കടംവാങ്ങിയത് തിരിച്ചടയ്ക്കാത്തതുകൊണ്ടാണ് ഞങ്ങടെക്ക് ഇപ്പം ഇങ്ങോട്ട് വരണ്ടിവന്നത്.

(മൂപ്പനും കൂട്ടരും അമ്പരക്കുന്നു.)

ഉദ്യോ: (1) ആപ്പീസിൽവന്ന് ഒപ്പുംവച്ച് കാശും വാങ്ങിയിട്ട് ഇപ്പം കള്ളംപറയുന്നോ?

(കൂട്ടത്തിൽ നിന്നൊരാൾ മുന്നോട്ടുവന്ന്)

ഒരാൾ: മൂപ്പാ....നമ്മുടെ മെമ്പറുതമ്പ്രാൻ മുമ്പ് ഒരു ദിവസം നമ്മുടെ വെരലേപിടിച്ച് ഒപ്പിടീച്ചതു വല്ലതുമാണോ?

ഉദ്യോ: (2) കണ്ടോ....കണ്ടോ.... കാശുംവാങ്ങിച്ച് കള്ളും കുടിച്ച് കള്ളംപറയുന്നെ.

ഉദ്യോ: (1) നാളെ വൈകുന്നതിനകം പണം മുഴുവൻ ആപ്പീസിൽ കൊണ്ടേച്ചില്ലെങ്കിൽ മുഴുവൻ സാധനങ്ങളും ഞങ്ങൾ ജപ്തിചെയ്തുകൊണ്ടുപോകും.

(ഇരുവരും കടന്നുപോകുന്നു. മൂപ്പനും സംഘവും മെമ്പർ തമ്പ്രാൻെറ വീട്ടിലേക്കുപോകുന്നു.)

മൂപ്പൻ: തമ്പ്രാനേ............

(ഒരാൾ കടന്നുവരുന്നു.)

മൂപ്പൻ: തർക്കാരീന്ന് ജപ്തിയ്ക്കെന്നും പറഞ്ഞു രണ്ടാളുവന്നിരുന്നേ.

ഒരാൾ: അതിനിപ്പം ഇങ്ങോട്ടുവന്നത്?

മൂപ്പൻ: മെമ്പറുതമ്പ്രാനെ ഒന്നുകാണാനാരുന്നേ.

ഒരാൾ: ആ—ഞാൻ അകത്ത് പറയാം.

(പോകുന്നു. പട്ടി കുരച്ചുകൊണ്ടു മുന്നോട്ടു ചാടുന്നു. മെമ്പർ കടന്നുവരുന്നു. പട്ടിയെ തിരിച്ചു വിളിക്കുന്നു.)

മൂപ്പൻ: തർക്കാരീന്ന് രണ്ടാള് ജപ്തിക്കുവന്നാരുന്നേ.

മെമ്പർ: അത് ജപ്തിക്കല്ല. ഇത് ഹരിജന ഗിരിജന ക്ഷേമവർഷമാണ് അവിടെ നിങ്ങളൂടെ കോളനിവികസനത്തെ കുറിച്ച് അന്വേഷിക്കാൻ വന്നതാ.

(അയാൾ കടന്നുപോകുന്നു.)

മൂപ്പൻ: ഇതിലെന്തോ കളിയുണ്ടല്ലോ കൊച്ചുങ്ങളെ. നമ്മളെന്തു ചെയ്യും.

(സംഘം വിഷമിച്ചിരിക്കുന്നു. സദസ്സിൽ നിന്നൊരാൾ)

എന്താണ്ടോ രാവിലെ കുന്തിച്ചിരിക്കുന്നെ. എന്തുപററി കാര്യംപറ. ഞങ്ങളൂടൊക്കെ അറിയട്ടെ.

(സംഘം പാട്ടുപാടി കളിക്കുന്നു.)

എങ്ങടെ കോളനി മെമ്പറു തമ്പുരാൻ വന്നേ
എങ്ങക്കൊരുവീടു വെയ്ക്കണെകാര്യം പറഞ്ഞേ
എങ്ങക്കൊരു............
(തെയ്യക്കോം........)
ഒപ്പിടീപ്പിച്ചുതമ്പുരാൻ കാശുവാങ്ങിച്ചേ
ഒപ്പിച്ച കാര്യമെങ്ങളറിഞ്ഞതുമില്ലേ
(ഒപ്പിച്ച.....................
തെയ്യക്കോം തെയ്യക്കോം തക തെയ്യക്കോം താരോ
തെയ്യക്കോംതെയ്യക്കോം തക തെയ്യക്കോംതാരോ
തമ്പുരാൻമാളികതീർത്തേകുടിച്ചേ മദിച്ചേയ്
തമ്പ്രാട്ടികുഞ്ഞിനുതങ്കപതക്കവും തീർത്തേ
തർക്കാരുജപ്തിക്കുവന്നതറിഞ്ഞപ്പോഴാണേ
തുക്കംകൊണ്ടങ്ങടെചങ്കുപൊടിഞ്ഞതുതൈവേ

(സംഘം വിഷമിച്ചിരിക്കുന്നു. മെമ്പറും ഓഫീസറും രണ്ടുഭാഗത്തുനിന്നു കടന്നുവരുന്നു. സദസ്സിൽനിന്ന്)

രാഠ: ദാ വരുന്നു നിങ്ങടെ മെമ്പറുതമ്പ്രാനും ഉദ്യോഗസ്ഥനും.

(മെമ്പറും ഉദ്യോഗസ്ഥനും രംഗത്തെത്തി പണം കൈമാറുന്നു. കടന്നുപോകുന്നു.)

(സംഘം പാട്ടുപാടിക്കളിക്കുന്നു.)

തിത്തെയ്യംചാടണകണ്ടോടാ?
അവരൊത്തുകളിക്കണെകണ്ടോടാ?
ആരൊക്കെയാണെന്നറിഞ്ഞോടാ?
അവരാണുങ്ങളാണെന്നറിഞ്ഞോടാ?
(തിത്തെയ്യം........)
കാടുതെളിക്കണെകണ്ടോടാ?
ആറുംതോടുംവരണ്ടതുകണ്ടോടാ?
നാടുമുടിഞ്ഞതുകണ്ടോടാ?
നമ്മളുംനാവടക്കിക്കൊണ്ടുനിന്നോടാ?
(തിത്തെയ്യം........

കൈക്കൂലിവാങ്ങുന്നതാരാടാ പറ
കപ്പകൃഷിക്കാരനാണോടാ?
നീതിനടത്തുന്നതാരാ യിന്നു
കൈക്കൂലിവാങ്ങുന്നവനല്ലേടാ?
(തിത്തെയ്യം........)

തൊട്ടതിനൊക്കെയും മായംചേർക്കുന്ന
മൂട്ടാളക്കൂട്ടങ്ങളാരാടാ?
കട്ടിങ്കരിങ്കൽമതിലിലെയർക്കണ്ടീഷൻ
കെട്ടിടം നമ്മുടേതാണോടാ?
(തിത്തെയ്യം........)

കള്ളക്കടത്തിനുമോനെങ്കിൽ താതൻ
പുള്ളിയെ കസ്ററടീലാക്കേണ്ടോൻ
വല്യമ്മാവൻനീതിപീഠത്തിൽ
പിന്നെ തള്ളേടെതന്ത ഭരണത്തിൽ
നാടുമുടിഞ്ഞതുകണ്ടോടാ?
നമ്മളും നാവടക്കികൊണ്ടുനിന്നോടാ
(തിത്തെയ്യം........)

താതിന്തതിന്തിമിതാരോ താതിന്തതിന്തിമിതാരോ
താതിന്തതിന്തിമിതാരോ താതിന്തതിന്തിമിതാരോ
എങ്ങടെകാശുകളിപ്പിച്ചാണേ ഇമ്മിണിയാളു-
തുകിക്കണതിവിടെ
പുത്തിപെരുത്തകരുത്തൻമാരിവിടൊത്തുകളിക്കണ-
നിങ്ങളറിഞ്ഞോ?
താതിന്തതിന്തിമിതാരോ താതിന്തതിന്തിമിതാരോ
താതിന്തതിന്തിമിതാരോ താതിന്തതിന്തിമിതാരോ-

ദരിദ്രനിർമാർജ്ജനം

(സിദ്ധൻ മുന്നോട്ടുവന്ന് പ്രസംഗിക്കുന്നു)

“സമൃദ്ധയായ ഭാരതം
മഹത്വമുള്ള ഭാരതം
സമത്വമുള്ള ഭാരതം
സഹിത്വമുള്ള ഭാരതം”

(ഇരുവശത്തുനിന്നും ഈരണ്ടുപേർ പാട്ട് ആവർത്തിച്ച് ആനയിച്ച് പീഠത്തിൽ ഇരുത്തി കളിക്കുന്നു. സദസ്സിൽനിന്നും ഓരോ ഭിക്ഷക്കാർ മുന്നോട്ടു വരുന്നു.)

ഭിക്ഷ-ഒന്ന്; അടിപിടി....കോലാഹലം...;വെടിവെയ്പ്....കൊടുങ്കാററ്...., രാജ്യം രാജ്യത്തോട്...., ജാതി ജാതിയോട് മതം മതത്തോട്...., എന്തിന് ജനങ്ങൾ തമ്മിലടി....

ഭിക്ഷ-രണ്ട്: നാടുചുററി....നഗരം ചുററി...., കാടുചുററി വീടു ചുററി....,ഞാൻ ചുററി...., നീ ചുററി...., ആകെ ചുററിവന്ന ആളയ്യാ....ഭിക്ഷ കൊടുക്കണം....

ഭിക്ഷ-മൂന്ന്: അച്ഛന് അമ്മ വേണം...., അമ്മക്ക് മക്കൾ വേണം ...., മക്കൾക്ക് ജീവിക്കണം...., ജീവിക്കാൻ വകവേണം....

ഭിക്ഷ-ഒന്ന്: പണി വേണം....പണം വേണം

ഭിക്ഷ-രണ്ട്: പഠിപ്പുവേണം—പാർപ്പിടം വേണം....

ഭിക്ഷ-മൂന്ന്: ഭണ്ഡാരം ഞങ്ങൾക്കും വേണം....

(മൂന്നുപേരും ചുവടുവച്ചു കളിക്കുന്നു)

പടയോരണി പടയണി പടയണി
ഭാരതമക്കളു തമ്മിൽ
പരദേശം ചുററി വരുന്നൊരു
പരവശരാണീഞങ്ങൾ
തെയ് തെയ് തോം തെയ് തെയ് തോം
തെയ് തെയ് തോം തെയ് തെയ് തോം
ക്ഷയരോഗികൾ ലോകത്തിന്ന്
പകുതിയുമിവിടുള്ളവരാണേ
ജയഭേരി നമുക്കു മുഴക്കാം
ഇതുപോലേതുണ്ടൊരു രാജ്യം
തെയ് തെയ് തോ....
മന്തുണ്ട്, മലമ്പനിയ, കുഷ്ഠം
ടൈഫോയ്ഡ്, ഛർദ്യതിസാരം
ഇതിനുള്ള മരുന്നിവിടില്ലേ....
ഇതു നോക്കാനാളുകളില്ലേ....
തെയ് തെയ് തോം....

(സിദ്ധൻെറ വിളംബരം):

''ക്ഷയരോഗം നമ്മുടെ രാജ്യത്ത് പൂർണമായി നിർമാർജനം ചെയ്യപ്പെട്ടിരിക്കുന്നു. ഒരു ക്ഷയരോഗിയെയെങ്കിലും കാണിച്ചുതരുന്നവർക്ക് പതിനായിരം രൂപ ഇനാം....''

(സ്തുതിപാഠകർ ഏററുപറയുന്നു.)

ഭിക്ഷ-രണ്ട്: ഭാരതനാട്ടിലുള്ള കൂരകൾ തോറും ചെന്ന-
ങ്ങോതുവിൻ ഭൂരിപക്ഷം തിരക്കുന്നോരെ
സ്വാതന്ത്ര്യച്ചൂടേററെക്കരിഞ്ഞുപോയതാമവർ
ഭാരതമാതാവിൻെറ പവിത്രമക്കൾ

(സിദ്ധൻെറ വിളംബരം: സ്തുതിപാഠകർ ഏററുചൊല്ലുന്നു.)

''ദാരിദ്ര്യരേഖക്കുതാഴെ തെരക്കു കൂടിയതുകൊണ്ട് അതൊഴിവാക്കാനായി പ്രസ്തുതരേഖ കുറച്ചുകൂടി താഴേക്ക് വരയ്ക്കുവാൻ തീരുമാനിച്ചിരിക്കുന്നതായി നാം കൽപിക്കുന്നു.''

ഭിക്ഷ-മൂന്ന്: തെയ്യാര തെയ്യാര തെയ്യാര തെയ്തോം
തെയ്യാര തെയ്യാര തെയ്യാര തെയ്തോം
ജാതിപ്പിശാചോ മതപ്പിശാചോ എന്തോ
ദാരിദ്ര്യരേഖക്കു താഴെച്ചുടലയിൽ
നൃത്തം ചവിട്ടുന്നു കാളിയും കൂളിയും
മർത്ത്യജഡങ്ങൾ കടിച്ചുതിന്നങ്ങനെ
തുള്ളെടി തുള്ളെടി തൂവേർപ്പു തുള്ളികൾ
തുള്ളിച്ച മർത്ത്യച്ചുടലയിൽ നിന്നു നീ
തെയ്യാര തെയ്യാര....

(സിദ്ധന്റെ വിളംബരം: സ്തുതിപാഠകരുടെ ഏററുപാടൽ)

"ഇതൊക്കെ ഇവിടെപറയാൻ ഞാൻ അനുവദിക്കില്ല. കുററം പറയാൻ മാത്രം പഠിച്ച കൂട്ടരാണ് നിങ്ങൾ.... ഞാനൊന്നു ചോദിക്കട്ടേ:

പച്ചരിറേഷൻ തരുന്നില്ലേ....
ഉച്ചപ്പിള്ളേർക്കുപ്പുമാവില്ലേ
ഒട്ടുമാവ്, പ്ളാവ്, ജാതി വികസനം
ചട്ടിയിലാക്കിത്തരുന്നില്ലേ....
ബ്ലോക്കീന്ന് സബ്സിഡി തന്നില്ലേ....
പോക്കററവരുടെ വീർത്തെങ്കിൽ
ആർക്കാടാ ചേതം,
ഈ സർക്കാര് കാശിന്
നാക്കിട്ടടിയ്ക്കാതടങ്ങിക്കോ...."

(സ്തുതിപാഠകർ ഏററുപാടിക്കളിക്കുന്നു.)

ഭിക്ഷ-ഒന്ന്: (യാചകയോഗത്തെ അഭിമുഖികരിച്ചുകൊണ്ട്) "സുഹൃക്കളെ! സ്വാതന്ത്ര്യഭാരതത്തിന്റെ സന്തതികളായ നമ്മളാണ് ഇവിടെ ഭൂരിപക്ഷം. വർഷങ്ങൾ കഴിയുന്തോറും നമ്മുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്നു. എന്നാൽ ഈ രാജ്യത്തെ യാചകർ ഇതറിയുന്നില്ല; തെണ്ടികൾ! ഇന്ത്യൻപൗരൻമാരെന്ന ബഹുമതിയും വോട്ടവകാശവും ബഹുമാനപ്പെട്ട സർക്കാർ നമുക്ക് തന്നിട്ടുണ്ട്.... അതിൽ നമുക്ക് അഭിമാനിക്കാം.... ഈ രാജ്യത്ത് ജാതി-മത—രാഷ്ട്രീയ കക്ഷികൾക്കും മുതലാളി-തൊഴിലാളി--ഉദ്യോഗസ്ഥൻമാർക്കും എല്ലാം സംഘടനകളുണ്ട് ....എന്നാൽ ബഹുഭൂരിപക്ഷം വരുന്നവരും സ്വയം തൊഴിൽ കണ്ടെത്തിയവരുമായ നമുക്ക് ഒത്തുകൂടാനോ

സംഘടിക്കാനോ നാളിതുവരെ കഴിഞ്ഞിട്ടില്ല....അത് നമ്മുടെ ദൗർബല്യം തന്നെയായിരുന്നു.... അതുകൊണ്ട് 'അഖില ഭാരത യാചക സംഘടന' രൂപീകരിച്ച് പ്രവർത്തിക്കുവാൻ നാം തീരുമാനിച്ചിരിക്കുന്നു.''

ഹിയർ....ഹിയർ....

(സദസ്യരോട്)

''നിങ്ങളും ഇന്നല്ലെങ്കിൽ നാളെ ഞങ്ങളോടൊപ്പം വരേണ്ടവരാണെന്നും വന്നുകൊണ്ടിരിക്കുന്നവരാണെന്നും ഞങ്ങൾക്കറിയാം. അഖില ഭാരത യാചക സംഘടന സിന്ദാബാദ്''....അഭായാസ സിന്ദാബാദ്....

(സിദ്ധൻ മന്ദസ്മിതത്തോടെ എഴുന്നേററു.)

അവനതു ഭവിക്കേണമിന്നകാലം വരേണ്യ
അവശത ഭവിക്കേണമർത്ഥനാശം വരേണം
ഇതു വിധി വിധിച്ചതീ പ്രാണികൾക്കൊക്കെയും
ഹിതമഹിതമെങ്കിലും ലംഘ്യമല്ലേതുമേ...
ഓം ശാന്തി ശാന്തി....

സിദ്ധൻ: നിങ്ങളുടെ പ്രയാസം ഇപ്പോൾ നാം മനസ്സിലാക്കുന്നു. നിങ്ങൾക്കെന്താണാവശ്യം....?

ഭിക്ഷ: ഇവിടുത്തെ ദാരിദ്ര്യം നിർമാർജനം ചെയ്യണം....അതു കഴിയുമോ?

സിദ്ധൻ: അതുതന്നെയാണല്ലോ നമ്മുടെയും ലക്ഷ്യം. ദരിദ്ര നിർമാർജനം....ടാററൻ....ബിർളൻ .... ഡാൽമിയൻ .... ഗോയങ്കൻ....എന്നീ ശിഷ്യൻമാരെ അതിനായി നിയാഗിച്ചിട്ടുണ്ടല്ലോ....

ശിഷ്യൻമാരേ! ഇവരുടെ അഭീഷ്ടം ഇതുവരെ നിറവേററിയില്ല, അല്ലേ? ഇതെനിക്ക് സഹിക്കാനാവില്ല....ഉണ്ണികളുടെ ആവശ്യങ്ങൾ ഉടനെ നിറവേററുക. ..

(ശിഷ്യൻമാർ ഭിക്ഷക്കാരെ ഒരു മൂലയിലേക്ക് കൊണ്ടുപോകുന്നു.)

ശിഷ്യൻമാർ: മഹതപമേറുന്നൊരു ഭാരതത്തിൽ
ദരിദ്ര നിർമാർജനമാണു ലക്ഷ്യം

(കഴുത്ത് ഞെരിക്കുന്നു. ഭിക്ഷക്കാർ അലറുന്നു. ചാമുണ്ഡി പ്രത്യക്ഷപ്പെടുന്നു.)

അലറിയാർത്തു വരുന്നിതയ്യയ്യോ!
ദരിദ്രരേഖയ്ക്കടിയിൽ നി–
ന്നുടലാർന്ന ചാമുണ്ഡി
താണ്ഡവം ചെയ്ത്
അഗതി ജനതകളടിമകൾക്കുള്ളിൽ
നീറിപ്പുകഞ്ഞോരമർഷ–
മൊരുമയിലിളകിയുളവായി
ചാമുണ്ഡിയായി
കുത്തകക്കാരുടെ കുടക്കീഴിൽ
വർത്തിച്ചിടുന്ന വ്യവസ്ഥ
കാൺകെ വരുന്നു ചാമുണ്ഡി
പടയണിയ്ക്കായ്....
കുരള കുടിലതയെന്ന ചെങ്കോലും
അധികാരമകുടവുമ–
പകടത്തിൽ വരുത്തു മുടയോരേ
ജനരോഷമാളി....
അലറിയാർത്തു........

(സിദ്ധനും കൂട്ടരും ഭയന്നോടുന്നു. തെയ്യം ആടുന്നു)

വിൽക്കാനുണ്ട് കാലുകൾ

(സംഘം പാട്ടു പാടികളിക്കുന്നു)

നാളത്തെ മന്ത്രി പുംഗവനിതാ വരുന്നേ
നാടിന്റെ രോമാഞ്ചമായവനിതാ വരുന്നേ (2)
നാളെ പത്തുമണിക്ക് സത്യവാചകം ചൊല്ലി—
കേറിയിരിക്കും
ചേലൊത്ത മന്ത്രിസത്തമനിതാ വരുന്നേ (2)
നാളത്തെമന്ത്രി

ല ല ലാ ല....................

പലകാലമിരുന്നു ഭരിച്ചോരു മന്ത്രി പിതൃക്കളെ—
മനസിൽ നിരീച്ചി
തിരുവാചകം ഉരുവിടും നേരം മുട്ടുവിറക്കല്ലേ—
പൊന്നെ മനസുപിടയ്ക്കല്ലെ.
വിലയായി കാലോരോന്നിനുമെത്ര മുടക്കിയോർമിച്ചോളൂ
ഒരു ജോടിക്കാലിൻ ബലമീ നമ്മുടെ മന്ത്രിസഭ-
അയ്യോ— —ഇട്ടുപൊളിക്കല്ലേ

മടിയാതുടനെ ചൊല്ലിക്കോളൂ
പിട പിട വികസനമോരോന്നായി
കുത്തും കിണറു കുളങ്ങൾ, മരങ്ങൾ
വയ്ക്കും പച്ച പിടിപ്പിക്കും
പബ്ളിക് ടാപ്പു തുറന്നാലൊഴുകും
അപ്പോൾ കറന്ന പശുവിൻ പാൽ
ഐ ആർ ഡി പിയും ആട്ടിൻകുട്ടിയും
വള്ളിക്കൊട്ട മെടച്ചിൽ ലോൺ

എം. എൽ. എ : പിടയുന്നുണ്ടിവിടൊരു നെഞ്ച്
അറിയുന്നോ ആരും ?
തല തെററിയ വല്ലവനും ആ
വലയിൽ വീണിടുമോ ?
(കോറസ് ഏററു പാടുന്നു)

എം എൽ എ: വിലയൽപ്പം കൂട്ടിപ്പറയാം തെന്നുന്നുണ്ടെങ്കിൽ
ഒരു രാത്രിയിതെങ്ങനെ കഴിയും നേരം പുലരണ്ടേ?
(കോറസ് ഏററു പാടുന്നു.)

സംഘം : അതിനൊട്ടും മടിക്കേണ്ട തുകയിനി സ്വരുക്കൂട്ടാം.
തടിവെട്ടാം തായ്‌വാൻെറ സിമൻറിവിടിറക്കിടാം.
കവിത കൊണ്ടൊരു പെണ്ണിൻ കുസൃതി അത്—
നിർത്താം— (3)
(വിലയൽപം........)

(സംഘങ്ങളുടെ കാലുകൾ കെട്ടിക്കൊണ്ട് എം എൽ എ ഉറങ്ങുന്നു.
കോറസും ഉറങ്ങുന്നു.)

(പഴയ സാധനങ്ങൾ വിൽപനക്കാരൻ കടന്നുവരുന്നു)

പേപ്പർ: പഴയ കുപ്പി, കടലാസ്, പ്ലാസ്ററിക് സാധനങ്ങൾ വിൽക്കാനുണ്ടോ? (ആരും അനങ്ങുന്നില്ല) പഴയനോട്ട്, പുത്തനോട്ട്, കീറിദ്രവിച്ചനോട്ട്, ഒരുരൂപ, രണ്ടുരൂപ അഞ്ചുരൂപ നോട്ടുകൾ വിൽക്കാനുണ്ടോ. പകുതി വില തരുന്നതായിരിക്കും. (ആരും അനങ്ങുന്നില്ല) എം എൽ എമാരുടെ കാലുകൾ വിൽക്കാനുണ്ടോ? (ആവർത്തിക്കുന്നു ചില എം എൽ എമാർ ഉണരുന്നു. അവരിൽ രണ്ടുപേരെ പണം കൊടുത്ത് കൊണ്ടുപോകുന്നു.

(പേപ്പർ വിൽപനക്കാരൻ വീണ്ടും കടന്നു വരുന്നു. വിളിച്ചുപറയുന്നു.)

രണ്ട് എം എൽ എമാർ കൂറുമാറി.

നിയുക്ത മന്ത്രിസഭ സത്യപ്രതിജ്ഞക്ക് മുമ്പേ നിലംപതിച്ചു. (അവശേഷിക്കുന്നവർ)

രണ്ടുജോഡി കാലുകൊണ്ടേപോയി
രണ്ടെമ്മെല്ലേമാരെ കൊണ്ടേപോയി
തുന്നിയ കുപ്പായം കീറിപ്പോയി
പൊന്നെ നമ്മളാകെ നാറിപ്പോയി (3)

നിയുക്തമന്ത്രി മെല്ലെ ഉണരുന്നു. വിവരം അറിഞ്ഞ് ബോധശൂന്യനായി വീഴുന്നു. കോറസ് താങ്ങുന്നു.

ഓരോ ആളായി എം എൽ എയെ വിട്ടിട്ടു പോകുന്നു.

നിയുക്തമന്ത്രി ഹൃദയം പൊട്ടി കരയുന്നു. കോറസ് ആർത്തു ചിരിക്കുന്നു,)

ഒരാൾ : ചിരിക്കരുത് ജനാധിപത്യത്തെ കശാപ്പ് ചെയ്യുന്നത് നോക്കി ചിരിക്കരുത്.

(സംഘം ചിരിനിർത്തി നിശ്ചലരായി നിൽക്കുന്നു)

ബാധ

ചെറുതായുള്ളൊരു തുള്ളൽക്കഥ ഞാ-
നുരചെയ്യുന്നതിനുള്ളൊരു കുറവുകൾ
അറിവുള്ളവരേ, നിങ്ങൾ പൊറുത്തി-
ന്നനുമോദിക്കണമതിനു തൊഴുന്നേൻ.
ഏഴരനാഴിക നേരമിരുട്ടിയ നേരം
ഭീകരമായൊരലർച്ച
"ചോര കുടിക്കണം, എവിടെ കോഴി,
ചാരായം ഒരു കുപ്പി വരട്ടെ"
അകലത്തെങ്ങോ നിന്നീ ശബ്ദം
ചെവിയിൽ വന്നുപതിച്ചിരുളത്ത്
മെല്ലെയെണീററു കിടക്കയിൽ നിന്നു
തെല്ലുഭയത്തൊടു കതക് തുറന്നു
നല്ലൊരു വടിയുമെടുത്തു പിടിച്ചു
പല്ലു കടിച്ചൊരു ധൈര്യത്തോടെ
മുറിയിൽ നിന്നു പുറത്തു കടന്നു
ഇറയത്തൽപമിരുന്നഥ ഞാനും
കൊള്ളക്കാരോ കൊലയാളികളോ
കള്ളു കുടിച്ചിട്ടടിയോ പിടിയോ
ഇങ്ങനെ പലതും ചിന്തിക്കുമ്പോൾ
അങ്ങേലെ ചങ്ങാതി വരുന്നു
സംഗതിയാളു തുറന്നു പറഞ്ഞു
അങ്ങേരിടത്തൊരു ബാധയൊഴിക്കൽ
അവിടെക്കണ്ടൊരു കാഴ്ച വിചിത്രം
വിവരിക്കാമിവനാവതുപോലെ.
മുററത്തിട്ടൊരു പന്തലിനുള്ളിൽ
കത്തുന്നുണ്ട് വിളക്കുകളേഴ്
വൃദ്ധനൊരുത്തൻ പൂജിക്കുന്നു
ചത്ത പിതൃക്കളെയൊന്നു വരുത്താൻ
ഇലകളുമിട്ടു വിളക്കിൻ മുമ്പിൽ
പലവക പഴമതിനുള്ളിൽ വച്ചു

അവിലും, മലരും, വറപൊടി, ശർക്കര,
കൊട്ടത്തേങ്ങ, ചന്ദനമുട്ടി,
കള്ള്, കരിക്ക്, ചാരായം ചില
തുള്ളക്കാരുടെ കൈയിൽ പന്തം
പട്ടിക,യാണികരം, പലകത്തുണ്ട്,
കഷ്ടിച്ചൊരു മാറോളം കയറ്
ഇങ്ങനെ പലതുമൊരുക്കിയിരിപ്പൂ.
ഭംഗി കലർന്നാ പന്തലിനുള്ളിൽ
തിങ്ങിന മോദാലയലത്തുള്ളവ-
രങ്ങിങ്ങായിട്ടവിടെ വസിപ്പൂ
ഇരുന്നു പാറു വല്യമ്മ
പറഞ്ഞു ദേവകിയോട്
''മനയ്ക്കൽ കൊച്ചു നങ്ങേലി-
യ്ക്കൊരിക്കൽ ബാധയുണ്ടായി
അറയ്ക്കൽ ശങ്കുവാശാനെ
വരുത്തി നോക്കിയ നേരം
കിഴക്കേലെ കൊച്ചുകോന്നാൻ
പടച്ചു വിട്ടതാ കാര്യം
ഒടുക്കം പപ്പു മാന്ത്രികൻ
ഒഴിച്ചു മാററിയീ ദോഷം
മനയ്ക്കൽ സന്തതി രണ്ട്
ജനിയ്ക്കാൻ പപ്പുവാ കാര്യം
മുടിഞ്ഞ കാലത്തിതൊന്നും
പറഞ്ഞാൽ വിശ്വസിക്കില്ല''.
മാടനും പേയും മറുതാമലകളും
ഈടുററ മൂന്നോടി വേടന്നറുകുല
നാടൻ കുടിച്ചു നിന്നാടുന്നു ചാടുന്നു
കൂടോത്രമേകൻ കുഴിച്ചെടുത്തീടുന്നു
യക്ഷിയിരുപതുകാരി മീനാക്ഷിയിൽ
തൽക്ഷണം കേറി തലയിട്ടടിക്കുന്നു
രക്ഷസ്സുകേറിയൊരുത്തൻറുടുത്ത മു-
ണ്ടക്ഷണം തന്നെയഴിഞ്ഞു ദൂരത്തുപോയ്.
''ഉണ്ണികളെ, നിങ്ങൾക്കച്ചട്ടു കാണണ്ടോ''
കണ്ണുമിഴിച്ചങ്ങിരുന്നു പോയേവരും
ശുണ്ഠി പിടിച്ച കുറച്ചു പിള്ളേരത്
കണ്ടു കൂക്കുവിളി മെല്ലെ തുടങ്ങിനാർ

നൂറു വർഷം മുമ്പു ചത്ത ചാവൊന്നുടൻ
കേറിയൊരുത്തൻെറ ദേഹത്ത് കാര്യമായ്
"എന്നെയിരുത്തണ" മെന്നുറഞ്ഞോതവേ
നിന്നൊരാൾ "പോരാ, കിടത്തേണ്ട കാലമായ്"
"കാണണോയിപ്പോൾ പരീക്ഷണം വല്ലതും"
"വേണമെന്നില്ലൊട്ടു മുമ്പു കണ്ടേ" ന്നൊരാൾ
തുള്ളുന്നു ചാടുന്നലറുന്നു കോഴിയെ-
കൊല്ലുന്നു ചോര കുടിച്ചു കൂത്താടുന്നു
ചാരായക്കുപ്പി പലതൊഴിഞ്ഞെങ്കിലും
നേരെയാവുന്നില്ല കാര്യങ്ങളൊന്നുമേ
ചീളെന്നു വാളുമായ് തെക്കേതിലെക്കൊച്ചു-
നാണു വരുന്നൂളനമ്മാവനാണത്
കൂമ്പും കുലയുമായ് നിന്ന വൻവാഴകൾ
ആറേഴരിഞ്ഞരിഞ്ഞിട്ടു സംതൃപ്തനായ്
പിള്ളവാതം വന്നു വീണൊരു കൊച്ചിനെ,
തള്ളയെടുത്തു കൊണ്ടെത്തിയാ പന്തലിൽ
പിള്ളയ്ക്കീ രോഗവും തള്ളക്ക് ടി ബിയും
തുള്ളിയൊളിക്കണമീ രണ്ടു രോഗവും
അന്ധവിശ്വാസമേ ഭാരതമക്കളെ
പന്താടിയ്ക്കുന്നു കുരുതിയൊരുക്കുന്നു.
കണ്ടീലയോ നെടുങ്കണ്ടത്തു ഭദ്ര-
യ്ക്കൊരു കുരുതി സുതനെ-
യൊരു വിരുതിയഥ ചെയ്തു
കുട്ടനാട്ടല്ലോയൊരുത്തി തുനിഞ്ഞു
അറുമുഖനു സഹജനുടെ
ശിശുവിനെ ബലിയ്ക്കായ്
അയ്യോ! നിധിക്കായ് കുരുതി കൊടുത്തു
വിവരഹര ജനതകളിയഗതികളെ നാട്ടിൽ.
ലോകസമാധാനത്തിന് ഗുരുജി
സാമഗുണൻ ബ്രഹ്മത്തെച്ചാരി
കാര്യമതായ് തോക്കുണ്ടാക്കിച്ചത്
ഭാരതമക്കടുയർച്ചക്കല്ലേ
മറെറാരു വിദ്വാനാകാശത്തൂ-
ടുത്തമമായ വിമാനത്തേൽപോയ്
പുഷ്പം വാരിയെറിഞ്ഞീടുന്നു
നിത്യദരിദ്രൻമാരുടെ വായിൽ

ഉത്തമരാകിയ പണ്ഡിതരും ചില
വിദ്വേശരരും യതിപുംഗവരും
ഉദ്യോഗസ്ഥൻമാരിൽ പലരും
ഒത്തു നടത്തിയ യാഗം കൊണ്ട്
നിത്യദരിദ്രർക്കാശ്വാസം ഇനി
മൊത്തത്തിൽ വൈകുണ്ഠത്തെത്താം
അഗതികളുടെ വൻ നികുതിയെടുത്തതി-
ലൊരുഭാഗം എരിതീക്ക് കൊടുത്താൽ
അഖിലേശ്വരനനുമോദം വരുമോ
അറിവുള്ളവരേ പറയുക നിങ്ങൾ
പട്ടിണി കൊണ്ടും രോഗം കൊണ്ടും
പത്തിലൊരാറും ഭാരതമക്കൾ
നട്ടംതിരിയുന്നവരുടെ നേർക്കൊരു
ദൃഷ്ടിതിരിയ്ക്കരുതോ പണ്ഡിതരേ
ഈശ്വരസൃഷ്ടിയശേഷമതെന്നാൽ
ഈശ്വരനാരിവിടെന്തുകൊടുക്കാൻ
ഈശാവാസ്യമിദം സർവം പി-
ന്നോശാരം ദൈവത്തിനുവേണോ?
മന്ത്രത്താൽ മഴ പെയ്യിക്കാമോ?
മന്ത്രത്താൽ ചന്ദ്രനിലെത്താമോ?
മന്ത്രംകൊണ്ടുചലിപ്പിക്കാമോ,
യന്ത്രങ്ങൾ, മാന്ത്രികൻമാരേ?
അക്കഥപോട്ടെ കാര്യംതുടരാം
തർക്കിയ്ക്കാനിവിടവസരമില്ല
പന്തമെരിച്ചു പിടിച്ചുംകൊണ്ട്
ദന്തമിറുമ്മി കണ്ണുമുരുട്ടി
പന്തലിനേഴുവലത്തുംവച്ച്
സിന്ദൂരക്കുറിപൂശി, യൊരുത്തൻ
മന്ത്രംചൊല്ലിയെടുത്തൊരു വടിയൊടു
പന്തലിനുള്ളിൽ ചെന്നുവസിച്ചു
വാടിയതാമരവള്ളികണക്കേ
മാതാവിൻെറ മടിത്തട്ടിൽ ഗതി-
കേടായ് നാഡിതളർന്നുകിടക്കും
ക്ഷീണിച്ചാചെറുപൈതലിനോടായ്
"ഒഴിയാമോ, പറ ബന്ധിയ്ക്കണമോ,
കയറും പലകയുമാണിയുമെവിടെ?"

പറയുന്നതിനിടെ നാലഞ്ചടിയാ-
ച്ചെറുപ്പെതലിനെയവനേൽപിച്ചു.
"ആണിതലയ്ക്കു തറയ്ക്കും" എന്നൊരു
ഭാവംകണ്ടു പെറുപ്പക്കാരിൽ
ആറേഴെണ്ണമടുത്തു തടുത്തു
വീറൊടു നാലുകൊടുത്തതിലേകൻ
മന്ത്രക്കോലും പന്തവുമാക്കര-
ബന്ധം വിട്ടുതെറിച്ചെങ്ങോപോയ്
മാന്ത്രികൻ അവിടന്നുകടന്നു
പന്തലിനുള്ളൊരു കാലുതകർന്നു
ചടപടയടിയുടെ ശബ്ദംകേട്ടു
ഝടിതി വിളക്കുകളൊക്കെയണഞ്ഞു
അറുകൊല കൂകിത്തറയിൽവീണു
തുറകണ്ണിൽ വറപൊടിയും വീണു
അച്ചെട്ടുണ്ണികളെക്കാണിച്ചോൻ
കച്ചത്തോർത്തുകളഞ്ഞോടുന്നു
മെച്ചമെഴുന്നൊരു കുഴിയിൽവിഭാൻ
ഉച്ചീം കുത്തി മറിഞ്ഞുകിടന്നു
വെട്ടം കത്തിച്ചുടനെ മുററ-
ത്തൊട്ടെണ്ണത്തിൻെറുടുമുണ്ടുകളും
പട്ടും, പല്ലും, മന്ത്രക്കോലും
മുററത്തിങ്ങനെ പലതും കണ്ടു.
കപ്പ നടുന്നൊരു മുപ്പതുസെൻേറൽ
ഇപ്പാവങ്ങടെ പകുതികൊടുത്തു
അപ്പണമാണു മുടിച്ചതിവൻമാർ
ദുഷ്പ്രേരണ നൽകിയതിവൻമാർ
നല്ലവരായ കുറച്ചാളുകളാ-
ത്തള്ളേം പിള്ളേം ഉടനെതന്നെ
നല്ലൊരു ഹോസ്പിററലിലെത്തിച്ചു
എല്ലാം ശുശ്രൂഷകളും ചെയ്തു.
അന്ധവിശ്വാസമതിലമരുന്നൊരു
ഇന്ത്യ പുരോഗതിയെങ്ങനെ നേടും!
മാന്ത്രീകർക്കഥ പരികർമ്മത്തിന്
മന്ത്രികളും ഇവിടില്ലാതില്ല.
ജയ ജയ ദുരിത നിവാരണയോഗം
ജയ ജയ ശാസ്ത്ര പുരോഗതി ഹനനം
ജയ ജയ മാന്ത്രികം ബഹുകേമം
ജയ ജയ ഭാരതമക്കടെ ഹോമം.

ശാസ്ത്രകലാ ജാഥയിലെ ഗാനങ്ങളും സംഗീത ശിൽപങ്ങളും നാടകങ്ങളും ഒക്കെ കൂട്ടായ പ്രവർത്തനത്തിൻെറ ഉൽപന്നങ്ങളാണ്. സമൂഹത്തോട് പ്രതിബദ്ധതയില്ലാത്ത സാഹിത്യകാരൻമാർ സഹിക്കാനാവാത്ത ഉാംവിളിയാൽ നടത്തുന്ന ആത്മാവിഷ്ക്കാരങ്ങളല്ലവ. ശാസ്ത്ര സാഹിത്യ പരിഷത്തിന് ജനങ്ങളുമായി പല അനുഭവങ്ങളും അഭിപ്രായങ്ങളും പങ്കിടാനുണ്ട്. അതിനായി ഉപയോഗിക്കുന്ന മാധ്യമങ്ങളിലൊന്നാണ് ശാസ്ത്രകലാജാഥ. രണ്ടുമൂന്ന് തവണയായി നടന്ന ക്യാമ്പുകളിലൂടെ ഒട്ടേറെ പരിഷത് പ്രവർത്തകരുടെ പ്രയത്നത്തിൻെറ ഫലമായാണ് ഇവയുടെ ഉള്ളടക്കവും രൂപവും ഉരുത്തിരിഞ്ഞുവന്നത്. കരിവെള്ളൂർ മുരളി, പനങ്ങാട് തങ്കപ്പൻപിള്ള, ജോസ്ചിറമ്മൽ, മുല്ലനേഴി, പ്രൊഫ. വിജയൻനായർ മുതലായി നിരവധി പേർ ഇതിലേക്ക് സംഭാവന ചെയ്തിട്ടുണ്ട്. റിഹേഴ്സൽ ക്യാമ്പുകാം നടന്ന പാടിയോട്ട്ചാലിലെയും മാങ്ങാട്ടെയും പരിഷത് സുഹൃത്തുക്കളും പരിപാടികാം പരീക്ഷണാർഥം അവതരിപ്പിച്ച ഇരുപതോളം പ്രദേശങ്ങളിലെ ബഹുജനങ്ങളും വിമർശന നിർദേശാദികളിലൂടെ ഇതിനെ മെച്ചപ്പെടുത്തിയിട്ടുണ്ട്. അവരെല്ലാവരോടുമുള്ള കൃതജ്ഞത രേഖപ്പെടുത്തുവാൻ ഈ അവസരം വിനിയോഗിക്കട്ടെ.

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്

ശാസ്ത്ര കലാജാഥ
1984

ഒക്ടോബർ 1 — **ഒക്ടോബർ 21**

വള്ളിക്കോത്ത്
(കാസർഗോഡ്)

കുററിപ്പുറം
(മലപ്പുറം)

മേഴത്തൂർ
(പാലക്കാട്)

തൊടുപുഴ
(ഇടുക്കി)

ഇലന്തൂർ
(പത്തനംതിട്ട)

ഐൻസ്റ്റൈറൻ ജങ്ഷൻ
(തിരുവനന്തപുരം)



ശാസ്ത്രം അധ്വാനം
അധ്വാനം സമ്പത്ത്
സമ്പത്ത് ജനനൻമക്ക്
ശാസ്ത്രം ജനനൻമക്ക്

ശാസ്ത്രം
സാമൂഹ്യ വിപ്ലവത്തിന്